# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

### വികസന അജണ്ടയിലെ സ്വയം നിർണ്ണയ അധികാരം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.293. 18.02.2013-ൽ മറുപടിക്ക്.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഹൈബി ഈഡൻ | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്ഥാപനങ്ങളുടെ വികസന മേഖലയിലെ പദ്ധതികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വയം തീരുമാനിക്കുന്നതിന് പൂർണ്ണാധികാരം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) പഞ്ചായത്ത്, മുനിസിപ്പൽ നിയമപ്രകാരം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ വിഷയമേഖലയിലെ വികസന പ്രവർത്തനങ്ങൾ തീരുമാനിക്കുന്നത് അവിടത്തെ ജനങ്ങൾ തന്നെയാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും വിഭവ സ്രോതസ്സ് അനുസരിച്ച് തദ്ദേശീയമായ വികസന ആവശ്യപ്രകാരമാണ് പദ്ധതികൾ രൂപപ്പെടുത്തുന്നത്. അതിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ അനുശാസിക്കുന്ന ചില മേഖല നിബന്ധനകൾ പാലിച്ചുകൊണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തീരുമാനിക്കുന്ന പ്രകാരമാണ് പ്രോജക്ടുകൾ തയ്യാറാക്കി നിർവ്വഹണം നടത്തുന്നത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പ്രാദേശികമായി വികസന ആവശ്യങ്ങൾ കണ്ടെത്തി മുൻഗണനാ ക്രമത്തിൽ പദ്ധതികൾ ഏറ്റെടുത്ത് അതാതു പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കാലതാമസം കൂടാതെ നടപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (സി) | പദ്ധതികളുടെ നിർവ്വഹണത്തിൽ ഈ സംവിധാനം എത്രമാത്രം വിജയവും പ്രയോജനകരവുമാവുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ; | (സി) | പദ്ധതി നിർവ്വഹണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം ലഭിക്കുന്നു. പദ്ധതികൾ നിർവ്വഹിക്കപ്പെടുമ്പോൾ പ്രദേശവാസികൾക്ക് ആവശ്യമുള്ള വികസന പ്രവർത്തനങ്ങൾ സാദ്ധ്യമാകുകയും അത് സംസ്ഥാനത്തിന്റെ തന്നെ വികസന മുന്നേറ്റത്തിന് കാരണമാകുകയും ചെയ്യും. |
| (ഡി) | ഇത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | | 18.08.2012 ലെ സ.ഉ (എം.എസ്) നമ്പർ 225/12/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ആസൂത്രണത്തിനുള്ള വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. മേഖലാ വകയിരുത്തലുകൾ എന്നിവ സംബന്ധിച്ചും വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, ഘടന, പ്രവർത്തനരീതി എന്നിവ സംബന്ധിച്ചും, പ്രോജക്ടുകളുടെ രൂപീകരണം, അംഗീകാരം, നിർവ്വഹണം എന്നിവ സംബന്ധിച്ചും വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, ഘടന, പ്രവർത്തന രീതി എന്നിവ സംബന്ധിച്ചും പ്രോജക്ടുകളുടെ രൂപീകരണം, അംഗീകാരം, നിർവ്വഹണം എന്നിവ സംബന്ധിച്ചും വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതിൻ പ്രകാരം തയ്യാറാക്കുന്ന പ്രോജക്ടുകളിലെ നിബന്ധനകൾക്കനുസൃതമായാണ് നിർവ്വഹണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ